DESPATCHED
17/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2195*(2)/2020*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12791**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി എൻ.ലക്ഷ്മി,
D/o നാരായണൻ കുട്ടി,
C/o മഹേഷ്,
പാടത്ത് വീട്,
പോലീസ് സർക്കിൾ ഇൻസ്പെക്ടർ
ഓഫീസിനു സമീപം, തൃപ്പൂണിത്തുറ,
എറണാകുളം – 682 301.
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്,
പൊന്നുംവില വിഭാഗം, കളക്ടറേറ്റ്,
എറണാകുളം.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി കളക്ടർ (എൽ.എ.),
കളക്ടറേറ്റ്, എറണാകുളം – 682 030.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21.08. 2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.10. 2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.11. 2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരി 27.06.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 24.07.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

ക്രമനമ്പർ 1 മുതൽ 5വരെ വിശദാംശങ്ങൾ നൽകുന്നതിനാവശ്യമായ ഫയൽ നമ്പരുകളോ സൂചകങ്ങളോ പ്രസ്തുത അപേക്ഷയിൽ ഇല്ലാത്തതാണെന്നും ആയത് നൽകുന്ന മുറയ്ക്ക് റിക്കാർഡുകൾ പരിശോധിച്ച് രേഖകൾ ലഭ്യമെങ്കിൽ നൽകുന്നതാണെന്നും

ക്രമനമ്പർ(6) ൽ ആവശ്യപ്പെട്ടിരിക്കുന്നവ വിശദമാക്കുന്ന രേഖകൾ ടി കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതാണെന്നും വിശദാംശങ്ങൾ റെയിൽവെ അധികൃതരോട് തേടാവുന്നതാണെന്നും

ക്രമനമ്പർ (7),(8) എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ നടമ വില്ലേജാഫീസുമായി ബന്ധപ്പെട്ടതായതിനാൽ മറുപടി നൽകുന്നതിനായി പ്രസ്തുത വില്ലേജാഫീസർക്ക് അപേക്ഷയുടെ പകർപ്പ് അയച്ചിട്ടുള്ളതാണെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്

ക്രമനമ്പർ (9) സംബന്ധിച്ച രേഖകൾ ടി കാര്യാലയത്തിൽ ലഭ്യമല്ലെന്നും

ക്രമനമ്പർ (10) ൽ മെട്രോ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിരിക്കുന്നത് കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള മെട്രോ ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയത്തിൽ ആകയാൽ ടി ചോദ്യത്തിന് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് കൊച്ചി മെട്രോ ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയത്തിലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 05.10.2019ന് നൽകിയ മറുപടിയിൽ 04.07.2019ൽ ഹർജിക്കാരി സമർപ്പിച്ച അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിയ്ക്കകം മറുപടി നൽകിയിട്ടുണ്ടെന്നും തുടർന്ന് സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ തീരുമാനമെടുക്കുന്നതിന് 04.09.2019ൽ ഹാജരാകുന്നതിന് 29.08.2019ൽ സാധാരണ തപാലിലും 25.09.2019ൽ ഹാജരാകുന്നതിന് 17.09.2019ൽ രജിസ്റ്റേർഡായും കത്തു നൽകിയെങ്കിലും പ്രസ്തുത തീയതിയിൽ ടിയാളോ ടിയാൾ അധികാരപ്പെടുത്തിയ ആളോ വിചാരണയ്ക്ക് ഹാജരായില്ലെന്നാണ്. തുടർന്ന് 04.10.2019ൽ ഹർജിക്കാരി അധികാരപ്പെടുത്തിയ പ്രകാരം അഡ്വക്കേറ്റ് എം.കെ.ശശികുമാർ ഹാജരാകുകയും 1953ൽ അപേക്ഷകയുടെ മുൻഗാമികളിൽ നിന്നും ലഭിച്ച വസ്തു റെയിൽവെ ഏറ്റെടുത്തതിന് നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്നും അതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭിക്കുന്നതിനാണ് വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും അറിയിക്കുകയും വില്ലേജ് രേഖകൾ പ്രകാരം കണയന്നൂർ താലൂക്ക് നടമ വില്ലേജ് സർവ്വെ നമ്പർ 1356/1ൽപ്പെട്ട ഭൂമി തൃപ്പൂണിത്തുറ ദേവസ്വം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നുമാണ്.

വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ അപേക്ഷകയുടെ പൂർവ്വികരിൽ നിന്നും 1953ൽ ഏറ്റെടുത്തതായാണ് അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ളതെന്നും പ്രസ്തുത കാലയളവിൽ 1895ലെ കൊച്ചി എൽ.എ. ആക്ട് ആണ് നിലവിൽ ഉണ്ടായിരുന്നതെന്നും കൂടാതെ തൃശ്ശൂർ, കോട്ടയം ജില്ലകളുടെ ഭാഗങ്ങൾ ഉൾപ്പെടുത്തി 01.04.1958ൽ മാത്രമാണ് എറണാകുളം ജില്ല രൂപീകൃതമായിട്ടുള്ളതെന്നും ആയതിനാൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ പഴയ റിക്കാർഡുകളിൽ ലഭ്യമാണോ എന്നറിയുന്നതിന് വിശദമായ പരിശോധനയും തിരച്ചിലും ആവശ്യമാണെന്നുമാണ്.

ടി സാഹചര്യത്തിൽ കളക്ടറേറ്റിൽ സൂക്ഷിച്ചിട്ടുള്ള ലഭ്യമായ പഴയ റിക്കാർഡുകൾ ഒന്നുകൂടി പരിശോധിച്ച് ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ലഭ്യമാണെങ്കിൽ നിയമപ്രകാരം അപേക്ഷകയ്ക്ക് നൽകുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.എന്നാൽ ഒന്നാം അപ്പീലിന് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ് ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ രണ്ടാം അപ്പീലിന്റെ കാലാവധി തെറ്റാണെന്ന് കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പ്രസ്തുത വിഷയം സംബന്ധിച്ച വിശദീകരണം അപ്പീൽ അധികാരി ഈ ഉത്തരവ് ലഭിച്ച് 10 ദിവസങ്ങൾക്കകം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനവുരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/